## പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.2030 — 11.06.2018 ൽ മറുപടിയ്ക്ക്

# രാഷ്ട്രപതിയുടെ പോലീസ് മെഡൽ

ചോദ്യം — മറുപടി

**ശ്രീ.എൻ. ഷംസുദ്ദീൻ** — **പിണറായി വിജയൻ (മുഖ്യമന്ത്രി)**

| | | | |
|---|---|---|---|
| (എ) | സ്വാതന്ത്ര്യദിനത്തോടനുബന്ധിച്ച് നൽകുന്ന രാഷ്ട്രപതിയുടെ പോലീസ് മെഡലിന് നൽകേണ്ട പട്ടിക സമർപ്പിക്കുവാൻ കേന്ദ്ര ആഭ്യന്തര മന്ത്രാലയം കത്ത് നൽകിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത കത്തിൽ പട്ടിക സമർപ്പിക്കേണ്ട സമയപരിധി സൂചിപ്പിച്ചിരുന്നോ; പ്രസ്തുത സമയ പരിധിക്കുള്ളിൽ തന്നെയാണോ കേരളം പട്ടിക സമർപ്പിച്ചിട്ടുള്ളത്; ഇതിന്റെ വിശദാംശം നൽകുമോ; | (എ) & (ബി) | ഉണ്ട്; കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന്റെ കത്ത് പ്രകാരം 2018 ലെ സ്വാതന്ത്ര്യദിനത്തോടനുബന്ധിച്ച് പ്രഖ്യാപിക്കുന്ന രാഷ്ട്രപതിയുടെ പോലീസ് മെഡലിനുള്ള ശിപാർശ നൽകേണ്ട അന്തിമ തീയതി 08/06/2018 വരെയാണ്. സംസ്ഥാന സർക്കാർ ശിപാർശ കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിൽ 24/05/2018 ന് നൽകിയിട്ടുണ്ട്. |
| (ബി) | സമയപരിധിക്ക് ശേഷമാണ് പ്രസ്തുത പട്ടിക നൽകിയിട്ടുള്ളതെങ്കിൽ ഇങ്ങനെ നൽകുവാനുണ്ടായ കാരണം എന്താണെന്ന് വിശദീകരിക്കുമോ? | | |

സെക്ഷൻ ഓഫീസർ